ഭരണഭാഷ - മാതൃഭാഷ

150 YEARS OF CELEBRATING THE MAHATMA

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, ഹയർ സെക്കന്ററി
വിഭാഗം, ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം

**നം.എസിഡി എസ്.പി.സി(1)/123582/2018/എച്ച്.എസ്.ഇ.** **തീയതി. 10/12/2019**

## സർക്കുലർ

**വിഷയം-** പൊതുവിദ്യാഭ്യാസ വകുപ്പ് - ഹ.സെ.വി.- മെറിറ്റ്-കം-മീൻസ് (ബി.പി.എൽ.) സ്കോളർഷിപ്പ് 2019-20 - ജനറൽ കാറ്റഗറി ഗുണഭോക്താക്കളുടെ ലിസ്റ്റ് - സംബന്ധിച്ച്.

**സൂചന-** 02/11/2019, 08/11/2019തീയതികളിലെ ഇതേനമ്പർ സർക്കുലറുകൾ.

മെറിറ്റ്-കം-മീൻസ് (ബി.പി.എൽ.) സ്കോളർഷിപ്പിന്റെ അപേക്ഷകൾ ഈ വർഷം മുതൽ ഓൺലൈനായാണ് ശേഖരിച്ചിരുന്നത്. സ്കൂളിലെ ബി.പി. എൽ. വിഭാഗക്കാരായ മുഴുവൻ അപേക്ഷകരും ഉൾപ്പെടുന്ന ജനറൽ കാറ്റഗറി ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് പൂർത്തിയായിട്ടുണ്ട്. ലിസ്റ്റ് scholarship.dhse.kerala.gov.in പോർട്ടലിൽ "Scholarship Selected list – First Year (GENERAL)" എന്ന ലിങ്കിൽ ലഭ്യമാണ്. ഇതോടൊപ്പം തന്നെ ജില്ലാപഞ്ചായത്തിലേക്ക് തെരഞ്ഞെടുപ്പിനായി നൽകിയിട്ടുള്ള എസ്.സി./എസ്.ടി. വിദ്യാർത്ഥികളുടെ പട്ടികയും, ഡയറക്ടറേറ്റിലേക്ക് നൽകപ്പെട്ടിട്ടുള്ള ആർട്സ്/ സ്പോർട്സ്/ഭിന്നശേഷി വിഭാഗക്കാരുടെ ലിസ്റ്റുകളും കാണാവുന്നതാണ്.

**ശ്രദ്ധിക്കേണ്ടത്**

1. തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്കുള്ള തുക അലോട്ട്മെന്റായാണ് ലഭ്യമാക്കുക.
2. അലോട്ട്മെന്റ് പ്രൊസീഡിങ്സിന്റെ സോഫ്റ്റ്കോപ്പി പോർട്ടൽ മുഖാന്തിരം ലഭ്യമാക്കുന്നതാണ്.
3. എസ്.സി./എസ്.ടി. വിഭാഗത്തിന്റെ തെരഞ്ഞെടുപ്പ് ജില്ലാ പഞ്ചായത്ത് മുഖാന്തിരമാണ് നടത്തുക. പ്ലസ് വൺ ഓൺലൈൻ അപേക്ഷകളിൽ നിന്നും യോഗ്യതയുള്ള അപേക്ഷകൾ ജില്ലാപഞ്ചായത്തിലേക്ക് ഓൺലൈനായി നൽകപ്പെടും. ഇതിനായി ഇനി പ്രത്യേകം അപേക്ഷിക്കേണ്ടതില്ല. എസ്.സി./എസ്.ടി. കാറ്റഗറിയിൽ വെരിഫിക്കേഷനായി രേഖകളൊന്നും

തന്നെ ജില്ലാപഞ്ചായത്തിലേക്ക് നൽകേണ്ടതില്ല. ഏതെങ്കിലും കാരണവശാൽ ജില്ലാ പഞ്ചായത്തിൽ നിന്നും ആവശ്യപ്പെടുകയാണെങ്കിൽ മാത്രം രേഖകൾ നൽകുക.

4. ആർട്സ്/സ്പോർട്സ്/ഭിന്നശേഷി വിഭാഗത്തിലേക്ക് ഷോർട്ട്ലിസ്റ്റ് ചെയ്യപ്പെട്ട അപേക്ഷകരുടെ ലിസ്റ്റ് സ്കോളർഷിപ്പ് പോർട്ടലിൽ സ്കൂൾ ലോഗിനിൽ കാണാവുന്നതാണ്. പ്രസ്തുത അപേക്ഷകരുടെ ഓൺലൈൻ അപേക്ഷയുടെ പ്രിന്റ്ഔട്ട് പ്രിൻസിപ്പാൾ കൗണ്ടർസൈൻ ചെയ്ത് സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ (പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തിയത്) സഹിതം **25/12/2019 നകം** ഈ ഓഫീസിൽ നേരിട്ടോ, തപാൽ മുഖാന്തിരമോ ലഭ്യമാക്കേണ്ടതാണ്.
5. എസ്.സി./എസ്.ടി., ആർട്സ്/സ്പോർട്സ്/ഭിന്നശേഷി വിദ്യാർത്ഥികളുടെ തെരഞ്ഞെടുപ്പ് പൂർത്തിയാകുന്ന മുറയ്ക്ക് ആയത് പോർട്ടൽ മുഖാന്തിരം അറിയിക്കുന്നതും തുക അലോട്ട് ചെയ്തുള്ള സർക്കുലർ പോർട്ടലിൽ അപ് ലോഡ് ചെയ്യുന്നതുമാണ്. തുക പ്രിൻസിപ്പാൾമാർ BIMS വഴി വിദ്യാർത്ഥികളുടെ അക്കൗണ്ടുകളിലേക്ക് മാറി നൽകാവുന്നതാണ്.

ഒപ്പ്

**ജോയിന്റ് ഡയറക്ടർ**
**(അക്കാഡമിക്)**